റെയിൽവെ വികസനത്തിന് പുതിയ പദ്ധതികൾ

*4 [445] ശ്രീ. മത്തായി ചാക്കോ:

,, കെ. രാധാകൃഷ്ണൻ:

,, കെ. വി. കുഞ്ഞിരാമൻ

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവെ വികസനത്തിനായി പുതിയ പദ്ധതികൾ അനുവദിക്കുന്നതിനും നിലവിലുള്ള വികസന പദ്ധതികൾ പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും 2004-2005-ലെ റെയിൽവെ ബഡ്ജറ്റിൽ മതിയായ പരിഗണന സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) 2004-2005-ൽ റെയിൽവെ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവെ വികസനത്തിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) റെയിൽവെ വികസനത്തിനായി ഏതെല്ലാം പദ്ധതികൾ നടപ്പാക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് ബഡ്ജറ്റിൽ ഉള്ളതെന്ന് വെളിപ്പെടുത്താമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ ആന്റ് ബി) സംസ്ഥാനത്തിന്റെ പല വികസന പദ്ധതികൾക്കും 2004-2005-ലെ റെയിൽവെ ബഡ്ജറ്റിൽ നാമമാത്രമായ തുക മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. മതിയായ പരിഗണന ലഭിച്ചിട്ടില്ല. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) എറണാകുളം-കായംകുളം പാത (കോട്ടയം വഴിയുള്ളതും ആലപ്പുഴ വഴിയുള്ളതും) ഇരട്ടിപ്പിക്കൽ, റെയിൽവെ വൈദ്യുതീകരണം, നെടുമ്പാശ്ശേരിയിൽ പുതിയ റെയിൽവെ സ്റ്റേഷൻ തുടങ്ങുക, റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം, കൊല്ലം-വിരുധുനഗർ ഗേജ് മാറ്റം, പുതിയ തീവണ്ടികൾ അനുവദിക്കുക, കൂടാതെ കേരളത്തിനുമാത്രമായി റെയിൽവെ സോൺ അനുവദിക്കുക, പുതിയ ലൈനുകളുടെ സർവ്വേ തുടങ്ങി നിരവധി ആവശ്യങ്ങൾ സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്.

(ഡി) അനുബന്ധത്തിൽ പറഞ്ഞിട്ടുള്ളതെല്ലാം.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[22-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *4 (445)-ന്റെ ഉത്തരം ദയവായി കാണുക.]

Sl. No.	*Name of the works*	*Amount allotted* (Rs. in crores)
New Lines:		
1	Tanur (Kuttipuram)—Guruvayur	3.00
2	Angamali—Sabarimala	2.00
3	Kottayam—Erumeli	2.00
Gauge Conversion:		
4	Quilon—Tirunelveli—Tiruchendur & Tenkasi—Virudhunagar	21.06 (Whole project)
Doubling:		
5	Quilon—Trivandrum	0.50
6	Shoranur—Kuttipuram	30.00
7	Calicut—Mangalore	15.00
8	Ernakulam Jn.—Ernakulam Marshalling yard	0.01
9	Ernakulam—Mulanturutti	8.00
10	Mavelikara—Kayamkulam	2.34
11	Cheppad—Kayamkulam	2.00
12	Mavelikara—Chenganur	2.00
13	Cheppad—Haripad patch doubling	2.00
Survey works:		
1.	Reconnaissance Engineering cum traffic survey for a new line from Madurai to Kottayam.	0.03
2.	Updating survey for Erumeli-Punalur-Trivandrum	0.08
Part 3:		
	Railway Board have sanctioned the following survey works in the Railway Budget 2004-2005	
1.	Reconnaissance Enginecring-cum-Traffic Survey for doubling of Trivandrum—Kanniyakumari	0.02

LIBRARY ARCHIVES Kerala Legislative Assembly